(12) വയനാട് ജില്ലയിലെ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

ശ്രീമതി കെ. സി. റോസക്കുട്ടി: സർ, വയനാട് ജില്ലാ ആശുപത്രി, സുൽത്താൻബത്തേരി താലൂക്ക് ആശുപത്രി, പുൽപ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ എന്നീ വളരെ പ്രധാനപ്പെട്ട മൂന്ന് ആശുപത്രികളുടെ കാര്യം ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അനേകം ആദിവാസികളും താമസിക്കുന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന വയനാട് ജില്ലാ ആശുപത്രിയുടെ പുരോഗതിക്കുവേണ്ടി വളരെയേറെ കാര്യങ്ങൾ അങ്ങ് മന്ത്രിയായതിനുശേഷം ചെയ്തിട്ടുള്ളതുകൊണ്ടാണ് ഇനിയും പ്രതീക്ഷയോടുകൂടി ഒന്ന് രണ്ട് കാര്യങ്ങൾ ഞാൻ സൂചിപ്പിക്കുന്നത്. ധാരാളം അപകടങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നതും, അതുപോലെ പ്രസവസംബന്ധമായ രോഗങ്ങൾക്കുമൊക്കെ ആദിവാസികൾ എപ്പോഴും എത്തുന്ന ഒരാശുപത്രിയാണ് വയനാട് ജില്ലാ ആശുപത്രി. അവിടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു അത്യാഹിത വിഭാഗം ഇല്ലെന്നുള്ളത് വയനാട് ജില്ലയെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നാണ്. അതുകൊണ്ട് ഒരു ആദിവാസികൂടിയായിരുന്ന നമ്മുടെ ബഹുമാന്യനായ രാഘവൻ മാസ്റ്റർ, എം.എൽ.എ. പ്രതിനിധാനം ചെയ്യുന്ന മാനന്തവാടിയിൽ ഉള്ള ജില്ലാ ആശുപത്രിയിൽ അദ്ദേഹത്തിൻറെ നാമധേയത്തിൽ 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുന്ന ഒരു കാഷ്വാലിറ്റി യൂണിറ്റ് തുറന്ന് പ്രവർത്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, അതുപോലെ എൻറെ നിയോജകമണ്ഡലത്തിലെ സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയുടെ സ്ഥിതി വളരെ ശോചനീയമാണ്. ഈ താലൂക്ക് ആശുപത്രിക്കുവേണ്ടി ഒരു കോടി രൂപ ചെലവാക്കി പുതിയ കെട്ടിടം പണിയുന്നതിനുവേണ്ടിയുള്ള പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അത് താലൂക്ക് ആശുപത്രിയായിട്ട് ഉയർത്തിയെങ്കിലും ബോർഡ് മാത്രം മാറ്റി താലൂക്ക് ആശുപത്രി ആക്കിയ ഒരവസ്ഥയാണ് ഉള്ളത്. ഒരു പുതിയ കെട്ടിടം ഉണ്ടാക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എത്രയുംവേഗം പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ അങ്ങ് സ്വീകരിക്കണം. ഈ മൂന്ന് ആശുപത്രികൾക്കും അടിയന്തിര പ്രാധാന്യമുള്ളതുകൊണ്ട് അത് പറയാൻ സമയം കുറവാണെങ്കിലും സ്പീക്കർ അനുവദിക്കണം.

സർ, പുൽപ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെൻറിനെ 1987-ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തിയതായിട്ട് രേഖയുണ്ടെങ്കിലും യാതൊരു തരത്തിലുള്ള പോസ്റ്റ് ക്രിയേഷനോ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികളോ ഉണ്ടായിട്ടില്ല. പുൽപ്പള്ളി സി.എച്ച്.സി.-യിൽ എത്രയും വേഗം കൂടുതൽ തസ്തികകളുണ്ടാക്കുകയും നിയമനം നടത്തുകയും അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുകയും ചെയ്യണം. ഈ മൂന്ന് ആശുപത്രികളുടെയും കാര്യത്തിൽ പ്രത്യേക പരിഗണന അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. രാഘവൻ മാസ്റ്ററുടെ പേരിൽ പുതിയ ബ്ലോക്ക് ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായംകൂടി പറയണം.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ഈ ഗവൺമെൻറ് പ്രത്യേകമായി നമ്മുടെ പിന്നോക്ക പ്രദേശങ്ങളിലെ ചികിൽസാസൗകര്യം മെച്ചപ്പെടുത്തിയതിൻെറ ഭാഗമായി ഇടുക്കി, കാസർഗോഡ് ജില്ലകളോടൊപ്പം വയനാട് ജില്ലയ്ക്കും പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പതിനഞ്ചിന പരിപാടിയുടെ ഭാഗമായി രണ്ടര കോടിരൂപ വയനാടിനുവേണ്ടി മാറിവച്ചിട്ടുണ്ടായിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ ഒരുകോടി രൂപ ഇയർ-മാർക്ക് ചെയ്തിട്ടുള്ളത് മാനന്തവാടി ജില്ലാ ആശുപത്രിക്കുവേണ്ടിയാണ്. അവിടെ ഞാനും ഹെൽത്ത് സെക്രട്ടറിയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും കളക്ടറും എല്ലാംകൂടി പോയിരുന്നു. ജനപ്രതിനിധികളുമായി ചർച്ച നടത്തി അതിൻെറ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കി വരികയാണ്. അവിടെ ഗൈനക്കോളജി വകുപ്പിന് ഒരു അംബുലാ സൗണ്ട് സ്കാനറിന് 7 ലക്ഷംരൂപ, ആശുപത്രിയിലെ 100 കിടക്കകളും കട്ടിലുകളും മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് രണ്ട് ലക്ഷം രൂപ, ഓപ്പറേഷൻ തീയേറ്റർ പുതുക്കി സർജിക്കൽ ഉപകരണങ്ങൾ വാങ്ങാൻ 10 ലക്ഷം രൂപ, മരാമത്ത് പണികൾ എല്ലാംകൂടി ചേർത്ത് ഒരു കോടിരൂപ ഇത്തരത്തിൽ മാറ്റിവച്ചിരിക്കുകയാണ്. അതിൻെറ പ്രവർത്തനങ്ങൾ മുന്നോട്ട നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീമതി റോസക്കുട്ടി കാഷ്വാലിറ്റി സംവിധാനത്തെക്കുറിച്ച് പ്രത്യേകം പറയുകയുണ്ടായി. അങ്ങനെ ഒരഭിപ്രായം വന്നതിൻെറ അടിസ്ഥാനത്തിൽ കഴിഞ്ഞ 6-3-96-ന് തന്നെ ഗവൺമെൻറ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. As part of the 15 Point Programme, Government are pleased to accord sanction for the creation of following additional posts for the casuality unit in the District Hospital, Mananthavadi. അതനുസരിച്ച് 3 മെഡിക്കൽ ഓഫീസർമാർ, 4 സ്റ്റാഫ് നേഴ്സ്, 2 നേഴ്സിംഗ് അസിസ്റ്റൻറ്, 4 ഹോസ്പിറ്റൽ അറ്റൻേറഴ്സ് ഗ്രേഡ്-2 ഇത്രയും തസ്തികകളാണ് അധികമായി സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ട് കാഷ്വാലിറ്റിയെ സംബന്ധിച്ചിടത്തോളം ശ്രീമതി റോസക്കുട്ടി ഉന്നയിച്ച പ്രശ്നത്തിന് പരിഹാരമായിക്കഴിഞ്ഞു.

പിന്നെ മറ്റൊരു കാര്യം സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയെ സംബന്ധിച്ചാണ്. താലൂക്ക് ആശുപത്രിയുടെ കെട്ടിടത്തിന് എ. എസും എസ്. എസും കൊടുക്കുന്ന കാര്യത്തിൽ ഗവൺമെൻറ് ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

മൂന്നാമത്തെ പോയിൻറ് ബഹുമാനപ്പെട്ട സ്പീക്കർ ചൂണ്ടിക്കാണിച്ചതുപോലെ ശ്രീ. രാഘവൻ മാസ്റ്റർ നമ്മുടെ സഭയിലെ ഒരംഗമായിരുന്നു. അദ്ദേഹത്തിൻെറ ആവശ്യംകൂടി കണക്കിലെടുത്തുകൊണ്ടാണ് വയനാട്ടിലെ 'പരിയ' കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ഈ വർഷം അനുവദിച്ചത്. ഈ വർഷം അനുവദിച്ച 10 കമ്മ്യൂണിറ്റി ഹെൽത്ത് സെൻറുകളിൽ ഒന്നാണത്. അതിന് ശ്രീ. രാഘവൻ മാസ്റ്ററുടെ പേര് നൽകിയിട്ടുണ്ട്. 'രാഘവൻ മാസ്റ്റർ സ്മാരക കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ' എന്ന് പുനർനാമകരണംചെയ്ത വിവരവും സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly